032:1M95:11
GO
MINNALOLI
ACHYUTA MENON

032:1M95:11

032:1M95:11 GO
ACHYUTA MENON (C.)
Minnaloli.
66820
MUL
066820

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:1M95:11 G0

Accession Number 66820

Available for loan from

This book should be returned on or before
the date last marked below.

17 APR 1943

61

# മിന്നലൊളി.

Minnaloli

9 MAR 1932
MADRAS

*by*

ചേലനാട്ട് അച്യുതമേനോൻ ബി. ഏ.,
C. Achyuta Menon
*University Reader in Malayalam.*

**Publishers:**

**THE YOGAKSHEMAM CO. LTD.**

**Printed at**

**THE MANGALODAYAM PRESS,**

**TRICHUR.**

1105. 1930 വില 6 ണ.

മൂന്നാംപതിപ്പ്. 500 കോപ്പി.

66820

032:1M95:11
G10

# കുറിപ്പ്.

ഭാഷാസാഹിത്യലോകത്തിൽ സുവിദിതനായ ശ്രീമാൻ ചേലനാട്ട് അച്യുതമേനോൻ ബി.എ. അവർകളുടെ മിന്നലൊളിയെന്ന ഈ ചെറുപുസ്തകം സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. ഗദ്യനിൎമ്മാണത്തിലെന്നപോലെ പദ്യരചനയിലും പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള ഒരു സഹൃദയനാണു മിസ്റ്റർ അച്യുതമേനോനെന്ന്, അദ്ദേഹം പലപ്പോഴായെഴുതി മാസികകളിലായും മററും പ്രസിദ്ധീകരിച്ചിരിക്കുന്ന ചൂൎണ്ണകൃതികളുടെ ഈ സങ്കലനം വെളിപ്പെടുത്തുന്നുണ്ട്. ഈ പുസ്തകത്തിൽ ഏതാനും ചില കൃതികൾകൂടി ചേൎത്തു കുറേക്കൂടി പരിഷ്കരിക്കണമെന്നു ഗ്രന്ഥകൎത്താവിനുണ്ടായിരുന്ന ആഗ്രഹം അപ്രതീക്ഷിതമായ ചില കാരണങ്ങളാൽ സാധിക്കാതെ വന്നതിൽ അദ്ദേഹം ആന്തരമായി വ്യസനിക്കുകയും അടുത്ത പതിപ്പിൽ ഉദ്ദേശാനുസരണമായ പരിഷ്കരണങ്ങൾ വരുത്തിക്കൊള്ളാമെന്ന് ആശിക്കുകയും ചെയ്യുന്നുണ്ട്. ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണാവകാശം ഞങ്ങളെ ഏല്പിച്ചതിനു ഗ്രന്ഥകൎത്താവിനോടുള്ള കൃതജ്ഞതരമായ കൃതജ്ഞതയേയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

30—12—'05. പ്രസാധകന്മാർ.

# വിഷയവിവരം.


1. എഴുത്തച്ഛൻ.
2. ഗർഭാലസ്യം.
3. പ്രാൎത്ഥന.
4. കൈരളീസ്തോത്രം.
5. വിചാരം.
6. മായ.
7. മോഹം.
8. ഒരു പരീക്ഷ.
9. എൻെറ ഓമന.
10. വനകുസുമം.
11. വൈരാഗ്യം.
12. ഓണമംഗളം.
13. മോഹം.
14. ഒററശ്ലോകങ്ങൾ.

# മിന്നലൊളി.

UNIVERSITY LIBRARY MADRAS 9 MAR. 1932

## I

## "എഴുത്തച്ഛൻ".

(കിളിപ്പാട്ട്)

I. എണ്ണയാട്ടിയുംകൊണ്ടു നാൾകഴിച്ചീടുമമ്മ-
ക്കുണ്ണിയൊന്നുണ്ടായല്ലോ ദിവ്യചൈതന്യരൂപൻ.
അമ്മതൻ സുകൃതത്തെത്തന്നയോ, പ്രസിദ്ധമാ-
മമ്മഹീഭാഗത്തിൻെറ ഭാഗ്യാതിരേകത്തേയൊ?
കേരളലോകത്തിൻെറ പുണ്യസഞ്ചയത്തേയോ,
കൈരളീസുഭാഷിണിതൻ മഹാ-യോഗത്തേയോ
പേർചൊല്ലി പുകൾത്തേണ്ടൂ? കൂരിരുൾക്കുടിലിൽ നി-
ന്നാരിനെത്തെളിയിപ്പാനുദിച്ച സൂര്യൻ തന്നെ,
കൈവണങ്ങുന്നേൻ തുഞ്ചത്താചാര്യസ്വാമികളേ!
പാവനാത്മാവേ! ലോകസൽഗുരോ! നമസ്കാരം.

II. 'ഭാരതം', 'രാമായണം', ഭാരതഗുണൈക്യത്തിൻ
സാരസർവ്വസ്വമാണുമക്ഷയനിക്ഷേപവും.
ബോധഃമറ്റീടുമഞ്ജന്മവയെ ഞ് ഭാഷയാക്കി-

“ബോധഹീനന്മാൎക്കറിയാംവണ്ണം”ചൊല്ലിത്തന്നു.
വ്യാസനും വാത്മീകിയും മററു മാമുനിമാരും
ഭാസുരമാക്കീട്ടുള്ള തത്വഭണ്ഡാഗാരത്തെ
നോക്കി നല്ലവയെല്ലാം സംക്ഷേപിച്ചൊന്നായ്ച്ചേൎത്തു
നോക്കായിത്തന്നതല്ലോ, മോഹനം “ചിന്താരത്നം”
ബ്രഹ്മപാദജന്മാൎക്കുള്ള ജ്ഞാനം നീക്കുവാനായ്
ബ്രഹ്മമാഹാത്മ്യം ചൊല്ലിത്തന്നതുമങ്ങുന്നല്ലോ.
നാമം ചൊൽവതിനും ഹാ! തിരിയാതവൎക്കത്രേ
നാമസങ്കീൎത്തനങ്ങളങ്ങുന്നു പഠിപ്പിച്ചു.
കൈവണങ്ങുന്നേൻ തുഞ്ചത്താചാൎയ്യസ്വാമികളേ!
പാവനാത്മാവേ! ലോകഗുരുവേ! നമസ്കാരം.

III. വേദശാസ്ത്രാദിമാത്രമഭ്യസിച്ചതുകൊണ്ടു
ഭേദമാകുന്നതല്ല, ഭക്തിയുണ്ടെന്നാകിലേ
മാനുഷഹൃദയാന്തേ മാലിന്യം തീൎന്നു തത്വ-
ജ്ഞാനവുമുദിച്ചീടുമെന്നല്ലോ തത്വസന്ദേശം.
“വാരിധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതീകടാക്ഷത്താൽ സല്പദാവലി തൂകി
താവകീനാങ്കസ്ഥലേ തത്തിയ കിളിപ്പൈതൽ
സാവധാനമായെത്ര ഗാനങ്ങൾ പാടിത്തീൎത്തു.
സൂക്തിരത്നങ്ങളേറെച്ചേൎന്നോരക്കിളിക്കൊഞ്ച-

ലാക്കതാൻപരാനന്ദപീയൂഷമായിടാത്തു?
ധ്യാനത്തിലഞ്ചുകണ്ട പാൎത്ഥസാരഥി താനു-
മാനന്ദമെല്ലാവൎക്കും ചേൎത്തീടും മൂൎത്തിയല്ലോ.
അദ്വൈതാമൃതമാകുമേകയോഗത്തെപ്പുണ്ടു
ചിദ്രസസായൂജ്യമാൎന്നുള്ളോരു മഹാത്മാവേ!
അങ്ങു കാണിച്ചുതന്ന മാൎഗ്ഗമേ നോക്കിക്കൊണ്ടു
തിങ്ങിടും മോദംപൂണ്ടു മുന്നോട്ടു പോകാൻ ഭാഗ്യം
ഞങ്ങൾക്കുമുണ്ടായീടാനൊന്നനുഗ്രഹിക്കേണ-
മിങ്ങതുമാത്രം യാചിച്ചീടുന്നേൻ ഭക്തിപൂൎവ്വം.
കൈവണങ്ങുന്നേൻ തുഞ്ചത്താചാൎയ്യസ്വാമികളെ!
പാവനാത്മാവേ! ലോകഗുരുവേ! നമസ്കാരം.

II

## "ഗർഭാലസ്യം."

(ഗാഥ)

മാസവും പത്തു തികഞ്ഞൊരു കാലമ-
ബ്ഭാസുരഗാത്രി ചടച്ചു പാരം
ഭാരമുദരത്തിലേറി മുഖമാകെ-
ച്ചോരയില്ലാതെ വിളർത്തുവല്ലോ.
അന്യസഹായങ്ങൾ കൂടാതെകണ്ടൊന്നും-
തന്നെ നടത്തുവാൻ വയ്യാതായി.
വല്ലതും വല്ലഭൻ ചോദിക്കിലുത്തരം
ചൊല്ലീടുമപ്പോൾ കിതച്ചു നിർത്തി.
കണ്ണിണ പാതി മിഴിച്ചിഹ നോക്കീടും
'ദണ്ണം' തനിക്കുമെക്കാണുമ്പോക്കും.
വീടകമെല്ലാം നടപ്പതിനൊട്ടുമേ
പാടവമില്ലാഞ്ഞു വേണ്ടിവന്നാൽ
മാടിവിളിച്ചിടും കണ്ണിലകപ്പെട്ടാൽ-
ത്തേടാൻപുറപ്പെടുമല്ലയായ്കിൽ.
നാലഞ്ചടിവെക്കും കാലുകുഴഞ്ഞുടൻ
ചാലേ പടിതന്മേൽ തൂണു ചാരി

ദീൎഘനിശ്വാസവുമിട്ടു കറച്ചിരു-
ന്നാക്കത്തിലത്തലയല്പമല്പം
ചാച്ചു കരങ്ങളമൂന്നി നിലകൊള്ളും
താഴ്ത്തു തളച്ചുക്കു് വന്നെന്നാകിൽ
വീണ്ടും നടന്നീടുമീവക ചേഷ്ടിതം
കണ്ടവരുള്ളമലിച്ചീടുന്നു.
നന്നെ വലഞ്ഞെന്നാൽ പോയിക്കിടന്നീടും,
പിന്നേയുമില്ലൊരു സൈ്വരമോൎത്താൽ
വേണുന്നതെന്തെന്നു ചോദിപ്പാനെത്തുന്ന
പ്രാണാധിനാഥനെ കാണുന്നേരം
മാനിപ്പതിന്നേററം നേൎത്ത കരം കുത്തി-
യാനനമൊന്നു തിരിച്ചെണീക്കാൻ
ഭാവിക്കുമാലസ്യമേറുകയാലുട-
“നാഥ! തളരുന്നു വയ്യെനിക്കു!”
എന്നു പറഞ്ഞു കിടന്നിടുമന്തികേ-
യൊന്നിരുന്നീടണമെന്ന ഭാവാൽ.
വന്നോരു കാന്തനെ നോക്കീടുമപ്പുമാൻ
തന്നുടെ സങ്കടമൊട്ടൊതുക്കി
“എന്തിനി സ്സാഹസമൊട്ടുമനങ്ങാതെ
പൂന്തേൎത്താല്പമൊഴിഞ്ഞാശ്വസിക്കു,

ശല്യങ്ങളൊക്കവേ താമസം കൂടാതെ
കല്യേ! കളഞ്ഞീടും കഞ്ജനാഭൻ.
ഉണ്ടാവാൻപോകുന്ന സന്തോഷമോൎക്കയാ-
ണിണ്ടൽ മറക്കുവാൻ നല്ല മാൎഗ്ഗം.
ഈവിധം ചൊല്ലിയുമാശ്വസിപ്പിച്ചുടൻ
പാവം! കുഴഞ്ഞുന്ന മേനിയെത്താൻ
മെല്ലെത്തലോടിയുമൊട്ടുകുറച്ചീട-
മല്ലലതിൻമീതെയെന്തു ചെയ്യാം.

*  *  *  *  *

കോമളം കുഞ്ഞിനുള്ളാനനം കാണുമ്പോ-
ളാമയമൊന്നുമേ സാരമുണ്ടോ?
കഷ്ടമകപ്പെട്ടു കിട്ടുന്ന നന്മയി-
ലൊട്ടല്ല തുഷ്ടിയുമെന്നോൎക്കേണം.
ആനന്ദമാൎഗ്ഗികൾക്കസ്തിവാരമല്ലോ
ദീനാദിദുൎഘടമെന്നു ചൊല്ലും
ഈശ്വരൻ തൻകളിക്കായി നമസ്കാരം
ശാശ്വതധൎമ്മവും പാലിയ്ക്കട്ടെ.

III

# പ്രാത്ഥന

(കേക)

I. വീരമാതാവേ! ദേവി! സാദരം താവകാംഘ്രി-
ത്താരിണ്ണവണങ്ങുന്നേൻ വിമലേ! വിശേഷശരി!
സേവചെയ്തീടുന്നവക്കഭയം നൽകീടുന്ന
പാവനാത്മികേ! കനിഞ്ഞീടുക കല്യാണാംഗി!
പൊന്നണിക്കസുമങ്ങളപ്പിച്ച നിൻ പൈതങ്ങ-
ളിന്നിതാ തൊഴുകയ്യുമാത്രമായ്നിന്നീടുന്നു.
അമ്മതൻ തിരുനെററിതന്നിലുജ്ജ്വലിച്ചോരു
നന്മണിപ്രഭയിങ്കൽ നേർവഴി കണ്ടിട്ടേററം
നിമ്മലാനന്ദപൂവ്വം വാണൊരിപ്പരിഷയാ-
ണമ്മഹാന്ധകാരത്തിലന്ധരായുഴലുന്നു.
വീരമാതാവേ! ദേവി സാദരം താവകാംഘ്രി-
ത്താരിണവണങ്ങുന്നേനക്ഷയ തേജസ്വിനി!

---

1100 എടവമാസം 8-ാംനു- പൊന്നാനി നായർ സമാജത്തിൻെറ വാഷികോത്സവത്തിൽ വായിച്ചത്. (തൽപ്രവത്തകന്മാരുടെ ആവശ്യപ്രകാരം)

II. ധമ്മരാജ്യമെന്നുള്ള പുണ്യനാമവുംപൂണ്ടു
കമ്മകോവിദന്മാരാൽ പൂണ്ണമാമിക്കേരളം
ധമ്മശാലികളാലും വീരസിംഹങ്ങളാലും
മമ്മവാദികളാലുമാരാദ്ധ്യമന്നുമിന്നും
മാതാവിൻ മാനംനേടാൻ മേനിയെക്കളഞ്ഞോത്ത
ത്രാതാക്കളെന്ന കീത്തി കൈക്കൊണ്ട പുണ്യവാന്മാർ
ലാലസിച്ചുള്ള ഭൂമിതന്നിലോ പരാധീനം
കോലംപൂണ്ടിതാ തമ്മിൽത്തല്ലിക്കൊണ്ടുഴയ്ക്കുന്നു.
അമ്മതൻ സുമംഗളവിഗ്രഹം കണ്ടറിഞ്ഞി-
ട്ടുണ്മയിലൊരു ദണ്ഡനമസ്കാരവും ചെയ്യാൻ
കഴിയാതിരിക്കുന്ന പാവങ്ങളായുള്ളോരെ-
പ്പുഴിചൊൽവതേ മഹാപാപമായ്ചമഞ്ഞിട്ടും.
വീരമാതാവേ! ദേവി സാദരം താവകാംഘ്രി-
ത്താരിണവണങ്ങുന്നേൻ പ്രാഭവസമ്പത്രുപിണ്ണി!

III. തത്വവാദത്താൽ പരമാത്ഥവും തെളിയിച്ചു
മത്ത്യരെസ്സദാ സിദ്ധരാക്കിയൊരാചാര്യരും
ഗാനമാധുയ്യംകൊണ്ടു താമസഘ്നത്തിന്നും
ദീനതവരുത്തിയ തുഞ്ചത്തെ ഗ്ഗുരുക്കളും
തന്ത്രനൈപുണ്യംകൊണ്ടു മന്ത്രിസത്തമന്മാക്കും
തന്ത്രിയായിരുന്നുള്ളോരച്ചനാം മഹാത്മാവും

ധമ്മപാലനത്തിലധമ്മപുത്രക്കും പല
മമ്മങ്ങൾ കാണിച്ചൊരക്ലേശവദാസൻ താനും,
ക്ഷാത്രമാണിവക്കുള്ള സങ്കേതമെന്നുകാട്ടി,
ധാത്രിയെ കൈവെടിഞ്ഞ ധീരനാം തമ്പിതാനും,
കാണിച്ചുതന്ന ലക്ഷ്യം കൈവരുത്തിടാനുള്ളോ-
രാണിവരെന്ന ബോധമുണ്ടായിട്ടതിൻവണ്ണം
വേലചെയ്യിടാൻ ദൈത്യമറ്റിനി! കരുത്തേകി-
പ്പാലിക്കകെല്ലായ്പോഴുമിംഗിതപ്രദായിനി!
വീരമാതാവേ! ദേവി! സാദരം താവകാംഘ്രി-
ത്താരിണവണങ്ങുന്നേൻ വിമലേ! വിശ്വംഭരി!

ശുഭം.

കാണുന്നേരം കടക്കണ്ണോടി, കരളിടിയും
കത്തു കാണാതിരുന്നാൽ,
ബ്ബാണംപോലെ തറക്കും ലിപികളതിലുമു
ണ്ടൊന്നു രണ്ടല്ലനേകം,
വേണം നിൻ പ്രേമമെന്നേ ഗതിവരു,മിവനെ-
ത്തള്ളിനീക്കുന്ന പക്ഷം
നീണാളിശ്ശല്യമേററിട്ടയിരൊടമരുവാ-
നോക്കിലേററം ഞെരുക്കം.

# കൈരളീസ്തോത്രം.

(കിളിപ്പാട്ട്)

1 ലോകമാകവേ നിജവൈഭവംകൊണ്ടു മാത്ര-
മേകശാസനമാക്കിവാഴുമംബികേ! ദേവി!
നാകവും നരകവുമേകമെന്നപോലാകു-
മാകുലമില്ലാതുള്ള നിൻകടാക്ഷത്താലമ്മേ!
മൂഢനും മഹാകവിപ്രൌഢനാകുന്നു, മൂക-
നൂഢകൌതുകം നല്ല വാഗ്മിയുമായീടുന്നു.
കണ്ണില്ലാത്തവൻ ലോകംകണ്ടുപോൽ കുറിക്കുന്നു;
ദണ്ഡമെന്നിയെ ഗാനംപൊഴിക്കും ചെകിടനും;
നഗരം മരുഭൂവാകുന്നു, പാഴ്മണൽപ്പുറം
നഗരംതന്നെയാകും നിമിഷനേരംകൊണ്ടേ,
കരയോ കടലാകും, കടലും കരയാകും,
പിരിയാതവരെന്നെന്നേക്കുമായ്മറഞ്ഞീടും.
വിശ്വനായികേ! തവ ലീലകളിത്ഥംവിധം
വിശ്വസിക്കാനും ശങ്കിച്ചീടാനുമാവുന്നതോ?

2. മായകൊണ്ടെന്നവണ്ണമൊരിക്കലുണ്ടായിപോൽ
തായേ! നിൻ വാത്സല്യൈകപാത്രമാമിക്കേരളം.
പാരിനാരാമമെന്നായാരുമേ പുകഴ്ത്തീടാൻ
പാരംനിൻ വിലാസവുമിതിലുൾച്ചേർന്നുകൂടി.

പാലനം ചെയ്തീടുന്നോക്കമൃതം നിറച്ചുള്ള
ചേലെഴും കുടങ്ങൾ താൻ തലയിലേററിക്കൊണ്ടും
അവർതൻകീർത്തനങ്ങൾ പട്ടയാൽ പാടിക്കൊണ്ടു
മവസാനത്തോളവുമുപകാരങ്ങൾ ചെയ്തും
കല്പകവൃക്ഷമെന്ന നാമമന്വർത്ഥമാക്കി
യുല്പന്നഗുണങ്ങളാം തെങ്ങുകളന്യാദൃശം,
നന്മയുള്ളവക്കെന്നും താഴ്മ ഭൂഷണമെന്നാ
നന്മണിക്കതിർകൊണ്ടു നമിക്കും വിളനെല്ലും,
ഭാരവും വാദ്ധക്യവുമെത്തിയാൽ താങ്ങീടുവാൻ
വേറെയൊന്നുവേണമെന്നോതും വാഴകളും,
സ്വച്ഛനിർമ്മലജലംതന്നിൽ മുങ്ങിയെന്നാകിൽ
സ്വച്ഛമാനസജീവന്മുക്തരാക്കീടുന്നതാം
ആറുകളവിളംബംനിത്യസൌഖ്യത്തെക്കുറി-
ച്ചേറുമുള്ളലിവാന്നു പാടുന്ന ഗീതങ്ങളും,
പൂക്കളും ഫലങ്ങളും കൊടുത്തു കൃതകൃത്യാ-
ത്മാക്കളായ്പുലരുന്ന സസ്യവൃക്ഷഫലങ്ങളും,
എന്തുഞാൻ ചൊല്ലേണ്ടു നിൻമാഹാത്മ്യവിശേഷങ്ങ-
ളന്തമില്ലാത്തതാണു കേരളക്ഷിതീശ്വരി!

3 പൂന്തേനും നുകർന്നതിമത്തരാം വണ്ടിൻകൂട്ടം
താന്തനിക്കേഴുന്നോരു പാടവക്രമംപോലെ

പൂവാടിതന്നിൽപ്പെട്ടു പോകുവാനിഷ്ടമില്ലാ-
താവുന്നപടി കീർത്തിക്കുന്നു നിൻ ഗുണോൽക്കർഷം.
ആയതോ കുയിൽക്കുലം മധുരസ്വരത്തോടു-
മായതമായിട്ടേററു പാടുന്നു മനോഹരം.
"പോട്ടുക"ളോരോ മട്ടിലുണ്ടാക്കീട്ടനുദിനം
നാട്ടുകാരതിൻ ധ്വനി നീട്ടിയും തുടരുന്നു.
ഉള്ളിലുള്ളതു തിങ്ങിനിഷ്ക്രമിക്കുന്നവണ്ണം
തള്ളലായ്ധാരാവാഹിയാകിയ വാണിയാലെ
"നിരണം" കവികളുമതിനോടേററുപാടി-
ട്ടരുസായുജ്യമാന്നു ചേർന്നിതു നിമ്പാദവും.
വിശ്വമോഹിനിയാകും നിന്നുടെ ജാലങ്ങളോ
നശ്വര ഗുണങ്ങളായുള്ളവയല്ലെന്നാക്കി,
വശ്യവാക്കുകൾകൊണ്ടു മർമ്മജ്ഞൻ ചെറുശ്ശേരി
നാശ്ചിതഗാനംവീണ്ടും തുടന്നു മഹീസുരൻ.
കേവലമിതുകൊണ്ടും തൃപ്തിയാവാതെ ധീരൻ
കൈവല്യനവനീതക്കുഴമ്പാം രസായനം
പഞ്ചമവർണ്ണക്കിളിക്കൊഞ്ചലിലൂടെ പക-
ന്നഞ്ചിതമാകുംവണ്ണമായതിൻ സ്വനങ്ങളാൽ
പഞ്ചമരാഗാദികളാലാപിച്ചദ്വൈതമാം
സഞ്ചിതപരിമളം വീശിപ്പോയ് ഗുരുക്കളും.

കഞ്ചനായതിലേററം ചേർത്തിതു വിനോദങ്ങൾ
പഞ്ചത്വം ഗാനത്തിനു മില്ലാതായേററു ചൊല്ലീ.
വഞ്ചനപ്പൂടാതൊന്നു കണ്ടതുപോലെ ചൊല്ലും
തഞ്ചവും നടപ്പാക്കി മറഞ്ഞു ശുദ്ധാത്മാവും.
ഇവരെത്തുടൎന്നുകൊണ്ടിനിയും തവസ്തോത്ര-
മിവനാവതോ ചൊൽവാനഖിലാനന്ദരൂപേ!
കണ്ടുകൊള്ളുവാനാശിപ്പവൎക്കു മായാദേവി
വീണ്ടും നീ, ജയിച്ചാലും തത്വവിജ്ഞാനമൂൎത്തേ!

# വിചാരം.

(കാട്ടുംമൃഗങ്ങളെ — എന്ന മട്ട്)

ഉമ്മറത്തുള്ളൊരു കണ്ണാടിതിണ്ണമേ-
ലമ്മുഖം തെല്ലു കുനിച്ചുകൊണ്ടും
കൈമുട്ടുകുത്തിയും, കാലുകൾ നീട്ടിയും,
ഭീമമാം ഭിത്തിമേൽ ചാരിക്കൊണ്ടും,
കാമിനീകാമിതം കൈവരുത്തീടുന്ന
പ്രേമസമ്പാദ്യം കളഞ്ഞപോലെ,
കുണ്ഠിതമാണ്ടിരിക്കുന്നിതാകാണ്മൂ ഞാൻ
കണ്ടറിഞ്ഞാശ്വസിപ്പിപ്പാനാരോ?
റൌക്കക്കുമേലായി നീട്ടിപ്പുതച്ചുള്ള
നൽക്കരമുണ്ടിതാ നീങ്ങിനീങ്ങി,
വാമകരത്തിലായ്‌വീണു കിടക്കുന്നു
കോമളഗാത്രിയറിഞ്ഞിട്ടില്ല.
തട്ടിപ്പുകാണിപ്പാൻ പൊട്ടിപ്പുറപ്പെട്ടാ-
ലിഷ്ടമനുസരിച്ചാദരിപ്പാൻ
കഷ്ടമാരാണുള്ളതെന്നുള്ള ഭാവേന
കെട്ടിലടങ്ങുന്നു പോർമ്മുലകൾ.

കുന്തളഭാരവും ബന്ധമററങ്ങിനെ-
യെന്തൊന്നു ചൊല്ലുമനാഥമായി.
വന്നതിലുന്നതസങ്കടം കൊണ്ടുതാൻ
പിന്നിലായ് തൂങ്ങിക്കിടന്നിടുന്നു.
"പൊട്ടി"ലുറങ്ങിയകുട്ടനുമാമടി
വിട്ടുടനമ്മിഞ്ഞ വേണമെന്നായ്.
കെട്ടിപ്പിടിക്കുന്നു കെട്ടഴിച്ചീടുന്നു
കുട്ടിമാൻ കണ്ണിയോ കാണ്മതില്ല.

ദൂരവേ നോക്കുന്നു ദൂരദേശത്തുള്ള
വീരവീരൻ കഥയോക്കയാണോ?
കല്യാണശേഷമക്കല്യാണശീലനും
കല്യാണിയാമവൾക്കല്ലലാററി-
അഞ്ചാറുനാളുകളഞ്ചാതെ മേളിച്ച
പഞ്ചശരോപമൻ പോയാനല്ലോ
വല്ലഭപ്രീതിക്കായ് നല്ല നിവേദ്യങ്ങൾ
നല്ലാർ തന്നുള്ളിലൊരുക്കിയവ
സന്തോഷസംഭ്രമാലസ്ധാളിച്ചൊന്നുമേ
പൃന്തേനോലും മൊഴി! നല്കിയില്ലേ.
എന്തൊന്നു തോന്നുമക്കാന്തനുമെന്നോർത്തു
പന്തണികൂക്കാങ്കയാൾക്കന്തരംഗം.

വെന്തുരുകീടുന്നു സന്തതമീവിധം
ചിന്തയാൽ നാളുകൾ പോക്കീടുന്നു.

വന്നാൽ വണങ്ങിഞാൻ വാരുററ ചില്ലിയാൽ
ധന്യനു സ്വാഗതമോതിക്കൊള്ളാം.
സർവ്വാപരാധം പൊറുക്കവാനർത്ഥിച്ച
സർവ്വാധികാരവുമേല്പിച്ചീടാം.
എന്നാണൊരാശ്വാസമെത്രനാളിങ്ങിനെ
പിന്നിട്ടുപോയതെന്നാരുകണ്ടു!

# VI.

## മായ.

(കേക.)

വിശ്വമോഹനരൂപംപൂണ്ടു പാന്ഥരെപ്പാർത്തു
"വേശ്യ"മോരോന്നുചെയ്യുമാരിഹ വിലസുന്നു?
പുഞ്ചിരിക്കതിർവീട്ടി നേർവഴി കാട്ടീടുന്നു
പഞ്ചമരാഗമാരാൽ മൂളുന്നു മനോഹരം.
വഞ്ചനധ്വനിയേതോ പൊങ്ങുന്നിതസ്പഷ്ടമായ്
ചഞ്ചലാക്ഷിയോ ലോകചാഞ്ചല്യപ്രതിമയോ?
അടുത്താലകലുന്നു പിന്തിരിഞ്ഞെന്നാകിലോ
പിടിപ്പാനെന്നവണ്ണം പാഞ്ഞുവന്നടുക്കുന്നു.
ചാരവേ കാണ്മതെന്തു? താരിളംതനു തുക-
മാരസച്ഛാർത്തുകൊണ്ടു ചേലെഴും മലർക്കാവോ?
ആയതിലെത്തീടുവാനല്ലയോ വിളിക്കുന്നി-
തായതസുലോചനം സ്വാഗതമോതീടുന്നു.
നെഞ്ചകം തുടിക്കുന്നു സഞ്ചിതസുഖമെന്തോ
കിഞ്ചന കരസ്ഥമെന്നോർത്തു ചാഞ്ചാടീടുന്നു.
നന്മണം വഹിച്ചിതാ വീശുന്നു സമീരണൻ
വെണ്മതി പൊഴിക്കുന്നു തൂനിലാവതിമാത്രം

സൂനസുന്ദരഹാസാൽ സാദരം വനലക്ഷ്മി
സൂനമാതിത്ഥ്യകൎമ്മസന്നദ്ധയായീടുന്നു.

നമ്രവല്ലികളോരോ നമസ്കാരവും ചെയ്തു
നമ്മെയിന്നഭിവാദ്യം ചെയ്യുവാനൊരുങ്ങുന്നു.

മിന്നുന്ന മേനികൊണ്ടു മന്നിടം തെളിയിച്ചു
സന്നതഗാത്രിമാത്രം പൂകുന്നു മറ്റൊരേടം.

ആഗതസ്വീകാരത്തിനല്ലയോ മുതിരുന്നു?
വേഗമുദ്യാനസീമ ലംഘിക്കയല്ലോ കാണ്മൂ?

പോയിതോ സുമവാടികൂടവേ തനിക്കുള്ള
മായങ്ങൾ തന്നെവേറിട്ടെങ്ങിനെ നിന്നിടുന്നു.

ഈവഴിപോകുന്നവൎക്കിങ്ങിനെ വലവീശി
"വേവലാതി"യുണ്ടാക്കി വെക്കയാണിവളെന്തോ?

മനമേ മയങ്ങേണ്ട മാനിനിയല്ലിതെന്തോ
നിനവാലുദിച്ചുള്ള മായയാണെന്നോവത്രു.

## VII

### മോഹം.

('പച്ചക്കല്ലൊത്ത തിരുമേനി' എന്നപോലെ)

മാമരക്കൊമ്പിലൊരറ്റത്തു നില്ക്കുന്ന
തൂമകലർന്നുള്ളോരോമൽപ്പൂവേ!
ഞാനഹോ നിന്നെക്കണ്ടീവിധമോതുവാൻ
മാനസഃപ്രേരണമൂലമല്ലോ—
കണ്ണേകി നമ്മെയനുഗ്രഹിച്ചുള്ളൊര-
പ്പുണ്യവാനുള്ളിനും മാററുകൂട്ടി.
തിണ്ണമകക്കരുന്നൂന്നിയാലോചിച്ചാൽ
വിണ്ണിനും മണ്ണിനും ഭേദമുണ്ടോ?
ഈ രണ്ടുംതീർത്തവർ നിന്നെയുമെന്നെയു-
മീവണ്ണം കാണുവാൻ ചേർത്തുനിർത്തി.

2. നിന്നരികത്തൊന്നു വന്നിരുന്നീടാനും
ധന്യേ! കരംകൊണ്ടുതൊട്ടീടാനും
നിന്മണം നന്നായ് നുകർന്നിരുന്നീടാനു-
മിമ്മാനവന്നുണ്ടു മോഹമേററം.
ഉന്നതസ്ഥാനം നിനക്കുലഭിച്ചിതു
എന്നെയ്യടിയിലുമാക്കിത്തീർത്തു.

UNIVERSITY LIBRARY 9 MAR 1932 MADRAS

കെട്ടിപ്പിടിച്ചുള്ള വള്ളികളെത്രയാ-
ണൊട്ടങ്ങുകേറിയാൽ മുള്ളുകളും.
വല്ലകണക്കിലുമേറിപ്പിഴച്ചാകിൽ
കല്ലിലും കണ്ടിലും വന്നുവീഴും.

3. ഒന്നുരണ്ടല്ലല്ലോ ദുർഘടമിങ്ങിനെ
എന്നാലുമാഗ്രഹം പോകുന്നില്ല.
മോഹിച്ചുവാഴുവാനല്ലയോ നമ്മളെ
സ്നേഹിക്കുമീശ്വരൻ സൃഷ്ടിചെയ്തു?

# VIII

## ഒരു പരീക്ഷ

(ഗാഥ)

ശൃംഗാരനാടകത്തിനുള്ള ദീപമായ്
തുംഗാഭപൂണ്ടിതാ തിങ്കളെത്തി.
രംഗപ്രവേശസമയമീമാരുതൻ
സംഗീതം മൂലമറിയിക്കുന്നു.

രാധേ നിനക്കെന്തു താമസം ചൊല്ലുനീ
മാധവനല്ലേ വിളിച്ചിടുന്നു.
വൃന്ദാവനത്തിലെ ചന്ദനനീരാററിൽ
ചെന്നുകുളിച്ചിരുന്നുല്ലസിക്കാം

മന്ദാരമല്ലികചേമന്തിസൂനങ്ങൾ
സുന്ദരിനിൻകരമേന്തിടുമ്പോൾ
ഏതിനലങ്കാരമേതെന്ന സംശയം
ജാതമാം ഞാനതുതീർത്തുകൊള്ളാം.

പുത്തനായ് നല്ലനികുഞ്ജം പിതാനിച്ചു
വൃത്തിയിൽ ഞാനൊന്നുവെച്ചിരിപ്പൂ.
പൂമണമേറ്റുള്ള തൈത്തെന്നൽ വീശലും
പൂമൊട്ടാൽക്കൂപ്പിടും വല്ലികളും.

ആളികൾതന്നുപചാരവുമാർന്നതിൽ
നാളീകലോചനെ മേളിച്ചിടാം.
വന്മരജാലം നിറഞ്ഞവഴിയെന്നാ-
മുന്മദമേന്തി നടന്നിടുമ്പോൾ
കല്ലുകൾ കണ്ടകമെന്നിവകൊണ്ടതി-
ശല്യമണച്ചിടും കൂരിരുട്ടാൽ
കൈവിളക്കൊന്നു കരുതുന്നതുത്തമം
കേവലം കാർവണ്ണൻ ഞാനല്ലെങ്കിൽ
നിൻ ചാരത്തീമുഖചന്ദ്രൻ പൊഴിക്കുന്ന
പുഞ്ചിരിപ്പൂനിലാവുള്ള കാലം.
എന്തിനു കാന്തിയെ തേടുന്നു ഞാനുമൊ-
രന്തരായം പിന്നാമോടികൂട്ടൂ.

ശ്യാമളകോമളവിഗ്രഹനന്ത്യദ്ദ
സാമവചനങ്ങൾ കേട്ടനേരം
കാമിനി രൂപിണി ഗോകുലകാമിനി
ധാമനി ഠിന്നുമാമൂകതാമണി
ആടിക്കുഴഞ്ഞുടൻ കേശവൻ കൂടാതെ
പാടെ രസിച്ചു പുറപ്പെട്ടാളെ
പോകവേ തന്നുള്ളിലോർത്തു പോലീവിധ
മാകുമോ മററാർക്കുമിപ്രപഞ്ചെ .

മൂലോകസുന്ദരൻ മാനിനീമംഗല്യ
പാലകൻ മാനവവംശപൂജ്യൻ
നിന്റെ ശരണ്യമെന്നോതുടിക്കുപ്പനു
മെയ്യിൻ വിലാസമിതെത്ര കേമം.
എൻകൺവലയിൽ പെട്ടത്തി ഞാൻ കണ്ണനെ
എങ്കലെഴുന്ന ലാവണ്യമൂലം.
മങ്കമാർ മററുള്ള ഗോപികമാരൊക്കയു-
മെങ്കൽ വണങ്ങേണമല്ലയൊ്ക്കിൽ
എൻകരപങ്കജ തങ്കമീവണ്ടിനെ
ശങ്കയില്ലന്യസുമം തൊടുവാൻ
വിട്ടയച്ചീടുകയില്ല ഞാനങ്ങിനെ
കഷ്ടമവൾക്കു വരുത്തിവെക്കാ.
സങ്കടമേകിയാലെങ്കലണഞ്ഞീടും
കെങ്കേമി രാധയെന്നുരക്കാം.
എങ്കിലുമുണ്ടെനിക്കുള്ളിലാശങ്കകൾ
പങ്കമൊഴിഞ്ഞ പദാത്ഥമുണ്ടോ
ഉണ്ണിയായന്നേ പാൽവെണ്ണ കവന്നവൻ
പെണ്ണിൻ മനസ്സിനും ചോരനല്ലോ.
കള്ളപ്പിരട്ടുകളല്ലാതെയൊന്നുമി
പ്പുള്ളിക്കില്ലെന്നതു സുപ്രസിദ്ധം

ആകയാലൊന്നു പരീക്ഷിക്ക വേണമി
ന്നാകവേ കൃഷ്ണന്റെ തൃഷ്ണയെല്ലാം.
രാധികേ!യെന്നു പറഞ്ഞടുത്തീടുമ്പോൾ
ക്രോധമോടൊന്നകന്നീടവേണം.
പൌരുഷസർവ്വസ്വം പുല്ലു പോലൊക്കമീ
സാരസൌഭാഗ്യം വണങ്ങിക്കൊൾക.
പെൺമണി വാരാശിക്കിമ്പം വളൎത്തുന്ന
വെൺമതി ഞാനാണെന്നുള്ള നാട്യം.
ഇന്നിമേലെന്തിനിപ്പാൽമൊഴിത്തൂകുന്ന
നറുതിരസംറകന്ദാത്തനാചിതൻ
ചൊൽപടിയായാചരിച്ചീടുവാനല്ലെന്ന-
ല്ലാംപ്രിയം പൂണ്ടുഗമിച്ചിതിപ്പോൾ.
എന്നുള്ള ഭാവാലെൻ കൺമുന്നത്തെല്ലിനാൽ
ഇന്ദീവരാക്ഷനെത്തല്ലീടും ഞാൻ.
ആകാരശോഭയിലാകാംക്ഷ കൊണ്ടഹോ
ലോകരഹോരതി പൂണ്ടിടുന്നു.
മായമണോരത്തു മായുമെന്നുള്ളതു
മായാവിമോഹിതരെന്തറിഞ്ഞു.
നല്ലാർകുലത്തിനൊട്ടേറുമിച്ചാപല്യം
ചില്ലിയാൽ പാരിടം വെല്ലുമവർ.

## രണ്ടാം ഭാഗം.

---

ശുദ്ധഗതിരാധക്കിത്ഥമാലോചനാ-
പദ്ധതി നന്നായ് തെളിഞ്ഞീടവേ
ഗോപീഗോപാലവിലാസം കൊതിക്കുന്നോ-
രാപണ്യപുഷ്പവാടിതന്നിലെത്തി.
പെട്ടെന്നു കണ്ണൻ കൈവിട്ടെന്നവൾക്കൊരു
ഞെട്ടലുണ്ടായി—തിരിഞ്ഞു നോക്കി.
കഷ്ടമേ! കണ്ടതില്ലിഷ്ടപ്രാണേശ്വരൻ
പുഷ്ടസൌഭാഗ്യവാൻതന്നെയപ്പോൾ.
ഞെട്ടറ്റ സൂനം പോലക്ഷണമെന്തുഹാ
മട്ടോലും വാണി നിലത്തു വീണു.
ആരാമമെങ്കിലുമാരാത്രികാലമാ-
ണാരാമാമാണിക്യമേകയല്ലോ.
തെല്ലിടനേരം കിടന്നിതനക്കവും
ചൊല്ലും ചേതനയുമില്ലാതെയായ്.
പേപിടിച്ചെന്ന കണക്കെഴുന്നേറ്റുടൻ
പാപഹരൻ പരനീശ്വരനേ,
കണ്ടെന്നപോലെ പിടിക്കുവാനോടുന്നു
കണ്ടിട്ടാഞ്ഞങ്ങിനെ പിൻമാറുന്നു.

പിന്നിലാണെന്നു നിനച്ചു തിരിയുന്നു.
മുന്നിലെന്നോർത്തു കുതിച്ചീടുന്നു.
കണ്ടതിനെല്ലാമേ കൈവച്ചു ചോദ്യവും
കണ്ട പടിക്ക തുടങ്ങീടുന്നു.
"കാമിനിയുക്തനല്ലാത്തുള്ള കാമുകൻ
കേളിസദനമേ! യോഗ്യനാമോ!
എന്തിനൊളിച്ചു വെച്ചെന്നോരവമതി
കാന്തനെ കൈവിട്ടു തന്നീടുക."
"താമരപ്പൊയ്കയിൽ താണു കിടക്കുമെൻ
കാമസുമംഗളമോഹനാംഗൻ.
ഞാനതിൽ ചാടിയെൻ താപാൽ തിളപ്പിച്ചു
കാനനവാഹിനി വററിച്ചീടും.
കാററിനാലാടുന്ന സാരസംകൊണ്ടു നീ
തോററിടുമെന്നുഹസിക്കയാണോ?"
"ചന്ദ്രികെ നിന്നൊളി കൂട്ടേണ്ട, മാനന്ദ
നന്ദനൻ തന്നുടെ കാളവർണ്ണം
കണ്ണിനാൽ കണ്ടിട്ടെൻ പീഡകളയട്ടേ
പെണ്ണിലൊരല്പം കാരുണ്യമില്ലേ."
"മാലതി നിന്നെ നനച്ചു കടംവെയിൽ
മാലണച്ചുള്ളതകററി ഞാനും.

ഇന്നെന്റെ സങ്കടം കണ്ടിരിക്കുന്നതു
നന്നല്ല നന്നായുപകരിക്ക.
കോടക്കാർവർണ്ണനെ തേടിപ്പിടിക്കുവാൻ
കൂടെ തുണക്കു നീ വന്നീടുക.
അത്രക്കൊരുക്കമില്ലെങ്കിലൊളിക്കുവാ
നിത്ര കുറച്ചിടം നൽകരുതേ."
ഇങ്ങിനെ ചാലിയൻതന്നോടംപോലവ
ളങ്ങുമിങ്ങോടി വലഞ്ഞു പാവം.
തിങ്ങിന ശോകം പൊറാഞ്ഞു മൌഢ്യമാ
ർന്നങ്ങൊരേടത്തു പോയ് ചെന്നിരുന്നു.
ദിവ്യപരിമളമൊന്നണഞ്ഞപ്പൊഴു
തവ്യാജമോദമവൾക്കു നല്കി.
നല്ലിളംകാററുമക്കാമുകൻ പോലവേ
മെല്ലെത്തൻമേനി തലോടിനിന്നു.
ഈശചിന്തോദങ്ങളോരോന്നാ വേളയി
ലാശയം തന്നിലുദിച്ചയന്റെ
പേശലഗാത്രവും കോൾമയിർക്കൊണ്ടുത
ന്നാശ തെളിഞ്ഞു മനം കുളിർത്തു.
മന്ദനെപ്പോലുമുണർത്തിടുമുത്തമ
നന്ദമണച്ചീടുമകനാദം.

കാതിലന്നേരമമൃതമൊഴിക്കുന്നു
കാതരയാളും ലയിച്ചിടുന്നു.
ഉദ്യാനദേവതക്കുത്സാഹമേല്ക്കുമാ-
ലദ്യോ പൊഴിക്കുന്ന സംഗീതമോ?
നിർമ്മലപ്രേമം കലർന്ന വധൂവര-
ർമ്മനസ്സംയോഗേ സംഭവിക്കും
അവ്യക്തമാധുര്യമാലാപമോ? നവ-
ദിവ്യരസാറ്റിൻ്റെ മാറ്റൊലിയോ?
മന്നിലെഴുന്നവരെന്നും ലയിക്കുന്ന
വന്ദ്യമാനന്ദഭേരീങ്കാരമോ?
വൃന്ദാവനാപ്ലിതമൗനസങ്കീർത്തനം
തന്നിലിണങ്ങുന്നൊരധ്വനിയോ?
അന്യസാന്നിദ്ധ്യവുമന്യായകർമ്മവു-
മൊന്നുമേ ചിന്തിയാതെന്തോന്നിനാൽ
വല്ലവിമാരൊരുലക്ഷ്യം വിചാരിച്ചു
വല്ലകണക്കിലുമോടിടുന്നു.
തിന്നുന്ന പുല്ലും കുടിക്കുന്ന വെള്ളവും
നിന്നനിലക്കു വെടിഞ്ഞുടനെ
ഗോപവാടത്തിലെ ഗോക്കളുഴറുന്നു
ഗോപാലബാലനെത്തേടിടുന്നു.

ആ വേണുനാദമോ രാധേ! നിനക്കതി
ലാവേശമുള്ളതു താനെയല്ലേ?.

നോക്കിയാൽ കാണുന്നില്ലെന്തിതു ജാലമോ?
കേൾക്കുന്നതേ പോരുമെന്നുറച്ചു.
കണ്ണടച്ചുള്ളിലുറപ്പിച്ചു നിശ്ചല-
മണ്ണോജലോചനവിഗ്രഹത്തെ
ഉള്ളംവഴിഞ്ഞു പുറപ്പെട്ട സന്തോഷം
തള്ളിപ്രവാഹമായ്‌വന്നിതേവം.
“ദീനദയാംബുധേ! മാനനീയാകൃതേ
ദീനയാമെന്നെ നീ പാലിക്കണം.
ഉള്ളിലഹമ്മതി മൂക്കയാലല്പം ഞാൻ
തുള്ളിപ്പോയ് മേലാലടങ്ങിക്കൊള്ളാം.
പ്രേമമിയന്നവർ കാണിക്കും ഗോഷ്ടികൾ
കാമുകന്മാർക്കു മനോഹരമാം.
കോപംകൊള്ളൊല്ലേ മജ്ജീവനേ! നിയ്യൊഴി
ഞ്ഞീപ്പാപിക്കാരു ശരണമുള്ളൂ—?
ഈശ്വരശക്തികളാക്കറിഞ്ഞീടാവൂ?
വിശ്വം നിറഞ്ഞ നിൻ മാഹാത്മ്യത്തെ,
പുല്ലുമാറെന്നുകൂട നിസ്സാരതള്ളാൽ
നിശ്ശേഷമാക്കുവാനെന്തുപായം ഞാൻ

ബുദ്ധിക്കരവെന്നേ ചൊല്ലാവൂ നിൻലീലാ-
ബദ്ധയാം ഞാനോ നിനക്കടിമ.

ഇ“പ്പുറംപൂച്ചി”ലെന്തുള്ളൂ നിന്നുള്ളിലാ-
മപ്പൊരുൾ കാണുവാൻ ഭാഗ്യമുണ്ടോ?
ഇത്രനാളെക്കുമെന്നിഷ്ടാനുവർത്തിയാ-
യിത്രഞാൻ കണ്ടതുകൊണ്ടുകഷ്ടം!
പെണ്ണുപറഞ്ഞാകിൽ പിച്ചുകളിക്കുന്ന
പൊണ്ണനാണെന്നുഞാൻ നണ്ണിയല്ലോ.
കണ്ണനിക്കണ്ടതല്ലെന്നു നിനച്ചില്ല,
പെണ്ണാലോചിക്കുന്നതിത്രമാത്രം.
മായയിലെന്നെ മയക്കൊല്ല മാധവ!
മായാമകനെ! മന്നായകനെ!
ചേവടിത്താരിണകൊണ്ടു ചവിട്ടുക
കേവലബ്രഹ്മമേ കാത്തുകൊൾക.
കൈവല്ലികൊണ്ടെന്നെ കെട്ടിവരിയുക!
കൈവന്നു സായൂജ്യമെന്നാക്കുക!
ഞാനെന്നും നീയെന്നും ഭേദംവിചാരിച്ച
ഞാനിക്കാണിച്ചോരബദ്ധമെല്ലാം.
ഭക്തപരായണ! നീപൊറുത്തെങ്കിലോ
യുക്തമേ! മുക്തിപ്രദായകനെ.

രണ്ടെന്നഭാവം കളയേണം തൃപ്പാദേ
കുണ്ഠത നീക്കിനീ ചേർത്തിടേണം."
കണ്ണുതുറന്നുടൻ നോക്കിയനേരത്തു
കണ്ണൻമടിതന്നിലാണവളും—.

IX

## എന്റെ ഓമന.

(ഗാഥ)

ഓമനെ നിന്മുഖപ്പൂനിലാപ്പൊയ്കയിൽ
കാമം കുളിച്ചു കളിക്കുമെന്റെ
ആനന്ദം ചൊല്ലുവാനാവതല്ലാ പര
മാനന്ദം മാത്രമതിന്നോടൊക്കും.
മാമകപ്രേമസന്താനമെ! നിർമ്മല
കാമവിലാസമെ! കല്യാണമെ.
ദാമ്പത്യകല്പദ്രുമത്തിൻഫലമേ! നൽ
സൌഭാഗ്യവല്ലിതൻ കോരകമെ!
കണ്മണി! കൈകൂമ്പീടേണ്ടും കൈവല്യ
ചിന്മണി! ഭൂലോകചിന്താമണി!
കാടുകൾ കാട്ടിയും തട്ടിയും മുട്ടിയും
ചോടുകൾ വെച്ചു നടക്കുകയും
കാരണം കൂടാതെ കണ്ണീർ പൊഴിക്കയും
കാരുണ്യം കാണുമ്പോൾ കൈകൾ രണ്ടും
പാടെ കഴുത്തിലണച്ചു തന്നാശയെ
തേടുവാനാംഗ്യങ്ങൾ കാണിക്കയും.

പഞ്ചാരമാധുര്യം തൂകുമിളം നറു
പുഞ്ചിരിക്കൊഞ്ചലാലുമ്മവെച്ചും
പല്ലുകളല്പാല്പമുള്ളതു കാണിച്ചു
തല്ലിയും കൊച്ചുകരങ്ങളാലെ.
ചൊല്ലുവാനാവതില്ലാഞ്ഞു പണിപ്പെട്ടു
വല്ലതും ശബ്ദമുളവാക്കിയും.
അമ്മയെ പേടിപ്പിക്കെന്നു പറഞ്ഞാകി
ലമ്മംകടിച്ചുട കഞ്ഞുവീരൻ
പൊക്കിപ്പിടിക്കയും കണ്ണിണകൊണ്ടഥോ
തക്കത്തിൽ വിദ്യകൾ കാണിക്കയും
കാണികൾക്കിങ്ങിനെ കൌതുകമേകുമെൻ
പ്രാണനെ നീ ഭുവി വാഴ്ക ചിരം.
കാലദോഷത്തെയും കായക്ലേശത്തെയും
മേലേലണയുന്ന മാലിനേയും
കാലിണകൊണ്ടു മറപ്പിക്കും ബാലക-
താലോലമാധുരീ! നീ ജയിക്ക.
താരാട്ടു പാടിയാൽ മൂളക്കമാന്നു നീ
സ്വൈരമെൻ തോളിലുറങ്ങിടുന്നു.
മെത്തമേലേറിയാൽ കണ്മിഴിച്ചപ്പൊഴെ
യുത്തമനിദ്രക്കധീനനാകും.

എന്നാലുമുല്ലാസം കോലും നിൻ കോമള
മന്ദസ്മിതത്തിന്നു മാററമില്ലേ!
ഭേദവിചാരം വളൎക്കുന്ന ലൌകിക
വാദമപഹാസിച്ചീടുകയോ
ഹീനവിചാരങ്ങളേശാതെ നിന്മന
സ്സാനന്ദക്കൊള്ളിൽക്കളിക്കുകയോ?
കേവലസൌഖ്യത്തിൻച്ഛായയുറക്കമെ
ന്നിവിധം ലോകൎക്കു കാണിക്കയോ.

UNIVERSITY LIBRARY
9 MAR. 1932
MADRAS

## X

## വനകുസുമം

(കേക)

പാവനെ! മഹാരണ്യസുമമെ നിനക്കെല്ലാ
രീവനസ്ഥിതിയോർത്താലെത്രയും ശോകാവഹം.
ആകാരസൌഭാഗ്യത്താലാരെയും വശീകരി
ച്ചാകുലമില്ലാതാക്കിച്ചാരത്തു വന്നെന്നാകിൽ
വാസനാബലത്താലെ കൊൾമയിർക്കൊള്ളിക്കുന്ന
ഭാസുരെ! നിൻപ്രഭാവമെത്രയുമാനന്ദദം
നാട്ടിലാണെങ്കിൽ നിന്റെ നാലുഭാഗവും വന്നു
പാട്ടിലാക്കീടുവാനായെത്രപേരുണ്ടായിടും?
കണ്ണിണ കുളിർത്തന്നാലണക്കും മൂക്കിലപ്പോൾ
“കണ്ണിമ”ച്ചുറിയാതെ ചുംബനം ചെയ്യും ചിലർ.
കൈവണങ്ങിയും ചിലർ സാന്നിദ്ധ്യസായൂജ്യവും
കൈവരാനൊട്ടത്തഹോ ശിരസാ വഹിച്ചിടും
കണ്ടു തൃപ്തിയില്ലാഞ്ഞു രണ്ടുനാലിതളറു
ത്തുണ്ടിടാനുദ്യോഗിക്കും കൂറുകൂടീടും ചിലർ
പുറമെ കിടന്നെന്നാൽ പ്രകൃതിജലാശയ
ത്തിരമാലേല്പിൽപ്പെട്ടു മുടിയുമകത്തായാൽ

വരികില്ലതുപോലെ ദിവ്യസാധനം സൂക്ഷ്മ-
ച്ഛുരികിൽ വെച്ചെന്നുള്ള ചാരിതാൎത്ഥ്യവുമില്ലെ.
അമിതപ്രേമമുള്ളതറിയിക്കാനെന്നല്ല
കമിതാവാകേണമെന്നാഗ്രഹത്തോടുകൂടെ
ഭ്രമരംപോലെ വന്നുചേൎന്നൊട്ടടുത്തൊരു പുമാൻ
കമനീയാംഗിതന്റെ കയ്യിലൎപ്പിക്കും നിന്നെ
ആ മഹാമനസ്വിനിയാത്മസന്തോഷപൂൎവ്വ-
മാമയംതിക്കാൻ നല്ലോരാമണിമേടതന്മേൽ
കൊണ്ടുപോയ്ക്കിടക്കുന്ന മുറിയിൽവെച്ചു നിന്നെ
ക്കൊണ്ടു ചൊല്ലിപ്പിക്കുന്നു സംഗതിയെന്ന ഭാവാൽ
കരപല്ലവങ്ങളിലെടുത്തു താലോലിച്ചു
വരനെന്നോണമേററമാദരിച്ചാഹ്ലാദിക്കും
പരദേവതാപ്രീതി വരുവാൻ പുഷ്പാഞ്ജലി
പരമാനന്ദംപൂണ്ടു പലരും ചെയ്യുംനിന്നാൽ
കൂട്ടത്തിൽ ചേൎത്തു കെട്ടിവിട്ടാലുമംഗങ്ങൾക്കു
കോട്ടമുണ്ടാക്കിയാലുമില്ല നിരസമൊട്ടും
മരണംവരെ ദേഹമന്യസന്തോഷത്തിനാ-
യ്ക്കരുതിക്കൂട്ടി നീക്കിവെച്ചപോൽ വാഴുന്ന നീ
സ്വാൎത്ഥത്യാഗിയെന്നുള്ള നാമമന്വൎത്ഥമായി
പാൎത്തലെ വഹിക്കുവാനെത്രയുമൎഹയത്രെ.

നിത്യവും തന്നെപ്പററി'യായുള്ള മനുഷ്യനു
കൃത്യബാധമുണ്ടാക്കാതെന്നപോൽ വില്പനക്കായ്
പൊതിഞ്ഞുകെട്ടി നിന്നെ കൊണ്ടുപോമല്ലവില്ല
മതിവാത്സല്യമാൎന്നു മലിചാലടങ്ങാതെ.
പിറവിയോടുകൂടി പിരിയാതിരിക്കുന്ന
വരമാം പരിമളം നീളെ വ്യാപരിപ്പിച്ചു
പരിപൂതമായ്ത്തീൎത്തു മാൎഗ്ഗവുമതിൽക്കൂടെ
വരുമാളുകൾക്കേകിയരുളീടുന്നു സൌഖ്യം.
പൊന്മയനാണ്യങ്ങളിൽ കൊതികൂടാതെയുള്ള
നിൎമ്മലത്വമാൎന്നോൎക്കെന്നും വരുമോ ഭേദബുദ്ധി?
ഭുവി ചഞ്ചലം ക്ഷണഭംഗുരജീവനെന്നാ
രവസാനത്തിലെന്തു? കഴിയും കാലത്തോളം
പരപൂജ്യയായ്വേണ്ട വിഭവസമന്വിതം
പരസന്തൃപ്തിനേടി വാഴുകയല്ലോ വേണ്ടൂ.
പരമായതിനൊന്നും തരമാവാതെ ശൂന്യ
തരമിപ്പെരുങ്കാട്ടിൽ മരുവുന്നതിൽപരം
പരമനിൎഭാഗ്യമെന്തുള്ളൂ! പാഴിലായ്ജന്മം
വരസൽഗുണഗണധാമമേ! മഹാകഷ്ടം!
പാമരരാമിവരേവരും ഗ്രഹമില്ലാഞ്ഞുകൊണ്ടു
സാന്ത്വനം ചൊല്ലാനൊന്നും തുനിയുന്നവരല്ല.

മതിയിപ്പുരാഭവം മതിയുണ്ടെന്നാലിപ്പോ-
ളുതലെ! വരികെന്റെ കൂടെ ഞാൻ കൊണ്ടുപോയി
സതിമാർ സജ്ജനൌഘമരുളും ദേശം നിന്റെ
ഗതി നല്കീടും നല്ല വസതിയാക്കിത്തരാം
വിശ്വനിർമ്മാതാവുതാൻ വിശ്രമവേളയിങ്കൽ
വിശ്വാസപൂർവ്വം വിശ്വോദാത്ഥമുണ്ടാക്കീട്ടുള്ള
നിശ്ചലാനന്ദപൂർണ്ണനിലയെ! നിർവ്വാണമാം
നിശ്വാസസൌരഭ്യമൊന്നാസ്വദിക്കട്ടെ ഞാനും.

## XI
## വൈരാഗ്യം.

(കേക)

കല്യാണവാൎത്ത കേട്ടു വല്ലാതെ വിഷാദിച്ചു
നല്ലാരിൽമണി തന്റെ മാതാവിൻ സമീപത്തിൽ
മെല്ലവേ ചെന്നു നിന്നു, വല്ലായ്മയുള്ളതെന്തോ
ചൊല്ലുവാനുണ്ടെന്നുള്ള ഭാവത്തെ സൂചിപ്പിച്ചു
ഉൾക്കനമുഴൎന്നു മൂലമാനനം വാടി
യക്കണ്ണിൻ കുളിൎമ്മയും ദീനഭാവത്തിലാണ്ടു
അക്കാലമെന്തു ചിന്താഗതിയാണമ്മക്കെന്നു
തക്കത്തിലൊളിനോട്ടംകൊണ്ടു സൂക്ഷിച്ചുടക്കെ
നില്ക്കുന്ന മകളെക്കണ്ടുള്ളലിഞ്ഞണഞ്ഞമ്മ
വെക്കമത്തളിർമേനി തഴുകിക്കൊണ്ടുമാറിൽ
അണച്ചുപലവുരു തലയിൽ ചുംബിച്ചു താൻ
കനത്ത ദിവ്യാനന്ദമാൎന്നപോൽ നിശ്ചേഷ്ടയായ്
നിന്നിതു കുറേ നേരമോമലാളുടെ വക്ത്ര
മൊന്നുപൊന്തിച്ചും പിന്നെച്ചേൎത്തുമിങ്ങിനെ ചെയ്തു:
'എന്മകൾക്കെന്തു ദുഃഖം ചൊല്ലുക പരമാൎത്ഥം
അമ്മയില്ലയോ മകൾക്കിഷ്ടങ്ങൾ സാധിപ്പിപ്പാൻ?

എന്തിനീ മൃദുഗാത്രമിങ്ങിനെ വാട്ടീടുന്ന
തെന്തു നീ കാലത്തൊന്നും കഴിച്ചതില്ലയെന്നോ.
ഓമനക്കഹിതമായാചരിപ്പവരായി
ട്ടിമണിപ്പുനത്തിലാരുണ്ടു കഥിക്ക നീ?
സോദരൻ ഞാനും നിന്റെയച്ഛനും സദാനേര-
മാദരാലെന്മകൾക്കുള്ളാഗ്രഹം സാധിപ്പിക്കാൻ
എന്തെല്ലാം ചെയ്തീടുന്നു? പിന്നെയുമീമട്ടഴൽ
ക്കെന്തൊരു ബന്ധം? മകൾ ചൊല്ലുവാൻ മടി
ക്കേണ്ട;
സൽകർമ്മപരിപാകാൽ ദൈവാനുഗ്രഹംമൂല-
മിക്കാണാകിയ നിന്നെക്കണ്ടതാണെന്റെക്കാലം.
ഈശ്വരസേവ ചെയ്തു കഷ്ടപ്പെട്ടതു പാർത്താൽ—
ആശ്വാസമവസാനം വന്നതേ മഹാഭാഗ്യം
എന്മകൾ സുഖിപ്പതും കണ്ടിരുപ്പതൊന്നല്ലാ
തമ്മക്കുമച്ഛനും മേലെന്തൊരു മോഹമുള്ളൂ?
കാലദോഷത്താൽ മാത്രമാണെന്റെ നന്ദിനിക്കു-
കാലത്താൽ വരേണ്ടുന്ന കാംക്ഷിതമെത്തിടാഞ്ഞു.
കാലവും തിരിഞ്ഞനുകൂലമായ്വന്നിരിപ്പാ-
ളാലശീലകൾ കൂടാതിരിക്കാമിനിമേലിൽ
കരുണാകരൻ ഭക്തവത്സലൻ കനിഞ്ഞെന്നാ
ലൊരു കാര്യവും സാധിച്ചീടുവാൻ ഞെരുക്കമോ?

പെരുതുൾപ്രേമപൂൎവ്വമിക്കരപത്മം പിടി-
ച്ചൊരുസൌഭാഗ്യംതന്നു കാത്തീടാനൊരു വരൻ
വരുമീ രണ്ടുനാളിന്നകമെന്നറിഞ്ഞില്ലേ?
തരുമപ്പുരുഷാഗ്രേസരനാഗ്രഹമെല്ലാം.
കാൎയ്യങ്ങളീവിധത്തിലന്നെയും നേരത്തിലെ-
ന്നാൎയ്യപുത്രാകാരത്തിൻപകപ്പേ? കുഞ്ഞോമനേ?
കുണ്ഠതില്ലൊരു മൂലം കാലുഷ്യം കലൎന്നിടാ-
നിണഃൽ പാൎത്തമ്മയ്ക്കുള്ളു തകരുന്നിതു കുഞ്ഞേ!
നിന്മനസ്സാകുമാമ്പൽ വിടുൎത്താൻ ശക്തിയുള്ള
നന്മതിയിതല്ലെന്നോ? നന്മകൾ പോരായെന്നോ?
അമ്മതൻ വാക്കു കേട്ടിട്ടമ്മനോഹരഗാത്രി
തന്മനക്കാമ്പിൽ നന്നായൂന്നിയതെല്ലാമപ്പോൾ
ഉണ്മയിലുരചെയ്താളാശ്ചൎയ്യമെന്നോ വേണ്ടു
ചിന്മയവിലാസങ്ങൾ വഴിപോലാരറിഞ്ഞു!
ചെറുതൊന്നെനിക്കുണ്ടു ചൊല്ലുവാനമ്മേ! കനി-
ഞ്ഞരുതേയരുതെന്ന ഭാവവും വിചാരവും
എന്മാതാപിതാക്കന്മാൎക്കെന്നിലുള്ളോരു കൂറു-
മിമ്മേനിയുള്ള കാലം ഞാൻ മറക്കുകയില്ല.
തന്മതിക്കുള്ളിലാരാധിക്കുകയല്ലാതെ ക-
ണ്ടിമ്മകളിവൎക്കെന്തു നന്മയെച്ചെയ്തീടുന്നു?

മക്കളെച്ചൊല്ലി രാവും പകലും മട്ടപ്പില്ലാ-
തുൾക്കരുന്നിങ്കലമ്മനമ്മമാർ സഹിച്ചീടും
ശല്യങ്ങളൊന്നുരണ്ടല്ലായവ നിനയ്ക്കുമ്പോൾ
വല്ലതുമവൾക്കങ്ങോട്ടെന്തൊന്നു ചെയ്തീടാവൂ!
താലോലിച്ചനുവേലം താൻ വളർത്തിയ കരം
കാലമേതാനും ചെന്നു തല്ലിയെന്നാലുംകൂടി
വേദന പററിയെന്ന സങ്കടംകൊണ്ടു വേഗ-
മാദരാൽ തലോടുന്നതല്ലയോ മാതൃസ്നേഹം?
ഇഷ്ടവസ്തുവിൽനിന്നോരിഷ്ടവും കൊതിക്കാതെ
കഷ്ടത കയ്യേററതിൽ തുഷ്ടിയെപ്പാലിക്കുന്നു.
പുഷ്ടിയെക്കണ്ടു ജന്മസാഫല്യമണയുന്നു
കഷ്ടിയെന്നാലും പരിചരണം പരമിഷ്ടം.
നിഷ്കാമകർമ്മമെന്നു ഗീതയിൽ പുകഴ്ത്തുന്നോ-
രുൽകൃഷ്ടതപത്തിനുള്ളാധാരമമ്മയല്ലോ.
കന്മഷഹീനമാകുമമ്മതൻജീവകാല-
മേന്മയെക്കൈവണങ്ങിക്കൊണ്ടു നാൾ കഴിച്ചീടാൻ
അല്പബുദ്ധിയാമെനിക്കാകാംക്ഷയുണ്ടു പാര-
മിപ്പാവത്തിനു പാത്താലതുതാൻ ജന്മകൃത്യം.
അറിവായന്നേമുതല്ക്കവളേതൊരു വന്ദ്യ-
ചരണം വണങ്ങിപ്പോന്നതുകൂടാതെ വേറെ

പരിചര്യാനുഷ്ഠാനസങ്കല്പം വേണമെന്നാൽ
പരിതാപമിങ്ങിനിക്കതിലും മീതെയില്ലേ.
കണ്ണവൻ തുണ ചേൎന്നു വന്നാലുമക്കരെയ്ക്കെത്താ-
ന്നണയാനസാദ്ധ്യമാം സംസാരപാരാവാരം.

# ഓണമംഗളം. *

(കളകാഞ്ചി)

കഴലിണകളഴകിനൊടു തൊഴുതു നിങ്ങൾക്കിതാ
കല്യാണമോതുന്നു, സാമ്പ്രതം സ്വാഗതം.
പകലിരവു,മകമലിവു കലരുമഖിലേശ്വരൻ
പാലിച്ചുകൊള്ളുന്നു, പാപാപഹൻ പരൻ.
നിയതിയുടെ നിയമമതു നിരുപമഗുണോത്തമം
നിത്യമായ് സത്യമായ് നില്ക്കുന്നു; നിശ്ചയം.
അനുദിനവുമതിനഴിവുമൊരുവിധവുമേല്ക്കയി-
"ല്ലാവത്തി"യാണതിൻമൂലമന്ത്രം സദാ.
ഒരുകുറിയു,മിരുകുറിയു,മിതുവിധമനേകമാ-
യോണങ്ങളോണമായ്ത്തന്നേ കഴിഞ്ഞുപോയ്.
ഇതിനിടയിലുലകിലിഹ കലവി പലമട്ടിലാ-
യിന്നു കാണുന്നതും ഛായയാണൊക്കയും.

സമരഭുവി മരണമതു,മതിഭുജപരാക്രമാൽ
സായൂജ്യമെന്നോർത്തു സാഹസംചെയ്കതും,
ജനഭരണരസകുതുകമൊരുസമയമാന്നതും,

---

* മദിരാശി മലയാളിക്ലബ്ബിൽ 1104-ാമതു കൊല്ലത്തെ ഓണാഘോഷാവസരത്തിൽ വായിച്ചതു്.

"ജന്മം" പരാൎത്ഥത്തിനായ്ക്കൊണ്ടൊഴിച്ചതും,
മതവിഷയമഭിമതവുമൊരുവരുമെതൃക്കാതെ
മന്ദതപമററു നാം മാനം വളൎത്തതും,
ഭുവനതലമതിലമരുമഖിലജനമാനസം
ഭൂരികല്യാണദം കേരളം പുക്കതും,
അതിനുതകുമതുലഗുണസുഫലപരിപുഷ്ടിചേ-
ൎന്നത്യന്തമൈശ്വൎയ്യമാൎന്നുകഴിഞ്ഞതും,
നിഴലുകളിലുഴലുമിവരിതുസമയമാൎത്തരായ്
നിത്യമായുള്ളൊന്നു വിസ്മരിക്കുന്നതും,
കലഹകല കൊതിപെരുകി, പലവിധമുയൎത്തി നാം
"കല്യാണലക്ഷ്മിയെ" ദൂരെക്കളഞ്ഞതും,
പ്രകൃതിയുടെ പരിലസിതമരുമയൊട്ടു നോക്കാതെ
പ്രത്യക്ഷനാശങ്ങളുണ്ടാക്കിവെച്ചതും,
വരവിഭവസുഖപടവിസുരഭിലവിനോദവും
വല്ലാതെയായിട്ടു വേണ്ടെന്നുവെച്ചതും,
രമണിമണി, രതിരമണരസികത കലൎന്നുതാൻ
രമ്യമായ് ഗാനങ്ങൾ പാടിയാടുന്നതും,
ഒരുനൊടിയിലിതുസകലമോൎമ്മവെപ്പിച്ചിടു-
"മോണ"ത്തിലൊന്നിച്ചടക്കി നാം സൎവ്വവും.
കുറവതിനുമൊരുശകലമണയരുതു, കേവലൻ
കാരുണ്യമൂൎത്തി തുണക്കും സുമംഗളം.

# മോഹം. *

(മഞ്ജരി)

തേന്തൂകും സൂനമേ! നിന്നിലെഴും മധു-
മാനസം തന്നിലെന്നാക്കീടും ഞാൻ!
ദീനത കൈവിട്ടു നിന്മണസൗരഭ്യം
താനെന്നുമുൾക്കൊണ്ടിരുന്നീടും ഞാൻ!
പാനീയം ജീവിതസൌഖ്യമരുളുന്നു
ഞാനതുപോലെന്നു ചെയ്തുകൊള്ളും!
ചിൽപ്രഭപോലെ വിളങ്ങിടും രത്നത്തിൻ
നൽപ്രകാശവുമെന്നാർന്നീടും ഞാൻ!
കല്പിതകാന്തിയിൽ കൌതുകമെന്നുള്ള-
തല്പവുമില്ലാതായ്പോയിടുമോ?
നേരം വെളുത്തുവരുന്നോരുവേളയിൽ
ചേരുന്ന സൂര്യപ്രകാശപൂരം
ഉള്ളിലൊതുക്കിത്തിളക്കിവിളങ്ങുന്ന
പുല്ലിന്മേൽ തങ്ങിടും നീർത്തുള്ളിയെ!
എന്നു ഞാനങ്ങിനെ സർവ്വസാരാംശവു-
മെന്നുള്ളംതന്നിലിഴിയന്നീടുന്നു.

---

* ഗുരുനാഥനിൽ പ്രസിദ്ധപ്പെടുത്തിയത്.

വാനാകും മാനിനിതന്മേനിമിന്നലി-
ലൂനമിക്കണ്ണുകൾ തേടാതെയും,
താനേ മദംകൊണ്ടു കൂട്ടുന്ന ഘോഷത്താൽ
നാനാപരിഭ്രമം കൂടാതെയും,
ആ നവസുന്ദരിതൻ പ്രേമത്തുമഴ-
യാനന്ദം കൂട്ടമാറാദരിപ്പാൻ
എന്നിവനൾക്കരുത്താന്നു ദിവാനിശം
ധന്യത്കോലുവാനായിടുന്നു!
വീണാലയം ചേന്ന വാണിതൻ മാധുര്യം
കാണിയും കിട്ടുവാൻ ഭാഗ്യമുണ്ടോ?
നീണാളതെന്തിനു? കൈവരും കാലത്തു
ചേണാന്നീടേണമതെന്നാൽ പോരും!
പാട്ടും പാവതൻ പാടവം കൈക്കൊണ്ടു
പാടുവാനാകുമോ പേടിയെന്ന്യേ?
കാടകമെങ്കിലും കൂടകമെങ്കിലും
കേടൊഴിഞ്ഞങ്ങിനെ പാടിടേണം.
നിമ്മലവായുവിലാമയം കൂടാതെ
സമ്മോദം പൂണ്ടു പറന്നിടേണം.

# ഒററശ്ലോകങ്ങൾ.

1. കാക്കാനാൎയ്യെക്കൊണ്ടു "കൃഷ്ണൻ" കമനികൾമണിയാ-
കുന്നാ "കല്യാണി"യിഷ്ടം
നോക്കാനും ഭംഗിയംഗത്തിനു വിവിധപദാ-
ൎത്ഥങ്ങളാൽ തീൎത്തിടാനും,
ഓൎക്കെന്നല്ലാതെയാൎക്കിങ്ങിനെ വരുമമലേ!
ഭാഗ്യശ്രീ മട്ടിനൊന്നും
നീക്കംകൂടാതെ ശോഭിക്കുക, നിഖിലജനാ-
നന്ദദേ, ശാരദേ! * നീ.

---

2. മടിയിഹ പറയേണ്ടതിന്നു കണ്ടാൽ
മടിയതിൽ വെച്ചു കരം പിടിച്ചു മെല്ലെ
"വിടുവിടു" പണിയുണ്ടെനിക്കുമെന്നാ-
ക്കടമിഴി വിട്ടു കഥിപ്പതെന്നു കാണും.

---

3. ഇന്നല്ലെന്നുമിതേവിധത്തിലിളയിൽ-
ക്കാണുന്നവെന്നാകിലും
നന്നെന്നേ നിനവാക്കുമുള്ളു, പുതുമ-
യ്ക്കില്ലെന്നുമേ ഹാനിയും,

---

* ശാരദക്കു എഴുതിക്കൊടുത്തതു്.

എന്നിവണ്ണമഖണ്ഡരൂപമഹിമാ-
　　വേന്തുന്ന ദാമ്പത്യമേ!
നിന്നെത്തന്നെ വണങ്ങിനില്ക്കുമിവരേ
　　നന്നായ്ക്കടാക്ഷിക്ക നീ.

---

4. കാണുന്നേരം കടക്കണ്ണൊടി, കരളിടിയും
　　കത്തു, കാണാതിരുന്നാൽ
ബാണംപോലേ തറയ്ക്കും ലിപികളതിലുമു-
　　ണ്ടൊന്നുരണ്ടല്ലനേകം
വേണം നിൻപ്രേമമെന്നേ ഗതി വരുമിവനെ-
　　ത്തള്ളിനീക്കുന്നപക്ഷം
നീണാളിങ്ങല്ലപ്രമേററിട്ടയിരൊടമരുവാ-
　　നോക്കിലേററം ഞെരുക്കം.

---

5. * "ഞാനോ, നീയോ" ശഠിച്ചിങ്ങിനെ ജനമഖിലം
　　വാഴവേ, ഹന്ത! വേറേ
'ഞാനൊ'ന്നുണ്ടെന്നു കാണുന്നി,നി മഹിമ വരാ-
　　നില്ലയെന്നോർത്തിടുമ്പോൾ

---

* സാഹിത്യിക്ക് എഴുതിക്കൊടുത്തതു്.

താനേ കാണുന്നിതത്യത്ഭുതമൃട, നിതുപോൽ
കേളിചെയ്യുന്ന ദേവൻ
താനല്ലോ, സാഹിതിക്കു തുണ, നിഖിലകലാ-
കേന്ദ്രമേ! കാത്തുകൊൾക.

---

6. നീളെക്കാണുന്ന നെല്ലിൻചെടി, നെടുകെ വിരി-
ച്ചുള്ള പച്ചപ്പുതപ്പും
നാളോരോന്നെണ്ണി, നേന്ത്രക്കുലകളണിയുമ-
പ്പൊൻനിറം പൂണ്ട പകപ്പം,
കേളിക്കായ്ക്കൊണ്ടു വർണ്ണപ്പുതുമ പലതുമാ-
ർന്നാടുമപ്പുഷ്പജാലം
ചിളെന്നി മേളമൊത്തിട്ടുരുതരവിഭവം
പൂണ്ടോരോണം ജയിക്ക!

B33

17000942

MUL
066820